**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3046** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പിങ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പ് ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള മോട്ടോറുകൾ പ്രവർത്തനക്ഷമമാണോ; മോട്ടോറുകൾക്ക് ഇടയ്ക്കിടെ ഉണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കുന്നുണ്ടോ; | (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പ് ചെയ്യുന്നതിനായി യഥാക്രമം 60 Hp, 40Hp, 10 HP മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 60HP, 10 HP മോട്ടോറുകൾ പ്രവർത്തനക്ഷമമാണ്. 40 HP മോട്ടോറിന് തകരാർ സംഭവിച്ചിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മോട്ടോറുകൾ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | മോട്ടോറുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം മെക്കാനിക്കൽ വിഭാഗത്തിന്റെ സഹായത്തോടെ അറ്റകുറ്റപണികൾ നടത്തി വരുന്നു. |
| (സി) | മോട്ടോറുകൾ സ്ഥാപിച്ചിട്ടുള്ള ശോചനീയാവസ്ഥയിലുള്ള കെട്ടിടം പുനരുദ്ധരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വെങ്ങാടിക്കൽ പമ്പിംഗ് സ്റ്റേഷൻ പുനഃനിർമ്മാണം - മണിയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തി 2024-25 ബഡ്ജറ്റിൽ (അനുബന്ധം II വാല്യം IIൽ പേജ് 4ൽ ക്രമനമ്പർ 69) 100/- രൂപ ടോക്കൺ പ്രൊവിഷൻ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പമ്പ് ഹൗസ് പുതുക്കി പണിയുന്നതിന് സ്ഥലപരിമിതിയുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ